STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.524/PR/SPMC/PHQ/2026 Date:31.10.2026

പത്രക്കുറിപ്പ്

പോലീസ് സ്റ്റേഷനുകളിലെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നു: സിറ്റിസൺ ഹെൽപ്പ് ഡെസ്ക്കുകൾ നിലവിൽ വന്നു.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയും സേവനങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും ലഭ്യമാക്കുന്നതിനായി സംയോജിത 'സിറ്റിസൺ ഹെൽപ്പ് ഡെസ്ക്' (Citizen Help Desk) സംവിധാനം നിലവിൽ വന്നു. സ്റ്റേഷനുകളിൽ പ്രവർത്തിച്ചു വന്നിരുന്ന പബ്ലിക് റിലേഷൻസ് ഓഫീസർ സംവിധാനം ഒഴിവാക്കുകയും അതിന്റെ ചുമതലകളും സേവനങ്ങളും സിറ്റിസൺ ഹെൽപ്പ് ഡെസ്കിലേക്ക് സംയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പോലീസ് സ്റ്റേഷനുകളിലെത്തുന്ന പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുക, ഡിജിറ്റൽ സേവനങ്ങൾ സുഗമമാക്കുക, സന്ദർശകർക്ക്

വിവിധ വിഷയങ്ങളിൽ വിവരങ്ങളും സഹായങ്ങളും നൽകുക തുടങ്ങിയ മുഴുവൻ കാര്യങ്ങളും ഇനി മുതൽ ഈ സംവിധാനത്തിലുടെ ലഭ്യമാകും.

സിറ്റിസൺ ഹെൽപ്പ് ഡെസ്കിലൂടെ ലഭ്യമാകുന്ന പ്രധാന സേവനങ്ങൾ:

1. പരാതികൾ സമർപ്പിക്കുന്നതിനും രസീത് കൈപ്പറ്റുന്നതിനുമുള്ള സൗകര്യം ഉറപ്പാക്കുന്നു.

2. സ്ത്രീകൾക്ക് പരാതികൾ നൽകുന്നതിന് പ്രത്യേക സഹായവും പിന്തുണയും.

3. കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടിയുള്ള സുരക്ഷിതവും സൗഹൃദപരവുമായ അന്തരീക്ഷം.

4. മുതിർന്ന പൗരന്മാർക്ക് മുൻഗണനാ അടിസ്ഥാനത്തിലുള്ള സഹായങ്ങൾ.

5. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അർഹമായ പരിഗണനയും പ്രത്യേക സഹായവും.

6. ഭിന്നശേഷിക്കാർക്ക് തടസ്സങ്ങളില്ലാതെ സേവനങ്ങൾ ഉറപ്പാക്കുന്നു.

7. ഓൺലൈൻ തട്ടിപ്പുകൾ, സൈബർ ക്രൈം, എൻ.സി.ആർ.പി പോർട്ടൽ പരാതികൾ, 1930 ടോൾ ഫ്രീ നമ്പർ സേവനം, സോഷ്യൽ മീഡിയ വഴിയുള്ള കുറ്റകൃത്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ.

8. അടിസ്ഥാന നിയമോപദേശങ്ങൾ നൽകുന്നു. ആവശ്യമെങ്കിൽ നിയമ സഹായ കേന്ദ്രങ്ങളിലേയ്ക്ക് വഴികാട്ടുകയും ചെയ്യുന്നു.

9. ആക്സിഡൻറ് ജി.ഡി എൻട്രി (Accident GD Entry), നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC)തുടങ്ങിയ വിവിധ അപേക്ഷകൾ ലഭിക്കുന്നതിനുള്ള സഹായം.

10. കേരള പോലീസിന്റെ ഡിജിറ്റൽ/ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കാനുള്ള വിവരങ്ങൾ.

11. വിവരാവകാശ പ്രകാരമുള്ള അപേക്ഷകൾ നൽകാനുള്ള സൗകര്യം.

12. പരാതിക്കാർക്ക് എഫ്.ഐ.ആറിന്റെ (FIR) പകർപ്പ് ലഭ്യമാകാനുള്ള സൗകര്യം.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****